**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ ചുള്ളാളം രാജന് ചികിത്സാസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 884/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 25.03 .2017.

================================================================

പരാമർശം:- 1. പ്രസിഡന്റ്,കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ 22.01.2014-ലെ KGPA/LM/FHT/2014012201 നമ്പർ കത്ത്.

2. പഞ്ചായത്ത് ഡയറക്ടറുടെ 28.04.2016, 10.08.2016 തീയതികളിലെ ജെ3-8288/2014 നമ്പർ കത്തുകൾ.

**ഉത്തരവ്**

2014 ജനുവരി 19,20,21 തിയതികളിൽ തിരുവനന്തപുരത്ത് വച്ച് നടന്ന International Conference on Deepening Democracy (ICODD) സമ്മേളനത്തിൽ പങ്കെടുത്ത് മടങ്ങുന്ന വഴി വാഹനാപകടം സംഭവിച്ച് ചികിത്സയിൽ കഴിയുന്ന പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ ചുള്ളാളം രാജന് ചികിത്സാസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ICODD സമ്മേളനത്തിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ബാലൻസ് തുക പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതിനാൽ ടി തുകയിൽ നിന്നും ശ്രീ. ചുള്ളാളം രാജന് ചികിത്സാസഹായം അനുവദിക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2)-ലെ കത്തുകൾ പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീ ചുള്ളാളം രാജന് ചികിത്സാസഹായമായി ICODD സമ്മേളനത്തിന്റെ ബാലൻസ് തുകയായി പഞ്ചായത്ത് ഡയറക്ടറുടെ അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുള്ളതായ തുകയിൽ നിന്നും 30,842/-രൂപ (മുപ്പതിനായിരത്തി എണ്ണൂറ്റി നാൽപ്പത്തിരണ്ട് രൂപാ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സിനി.ജെ.,ഷുക്കൂർ

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ശ്രീ ചുള്ളാളം രാജൻ, മുൻ പ്രസിഡന്റ്, പുല്ലമ്പാറ ഗ്രാമ പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ (എ&ഇ,ആഡിറ്റ്),തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ